LIBRARY ARCHIVES Kerala Legislative Assembly

## 13. ഗ്രേസ് മാർക്ക് ഉയർത്തൽ

ശ്രീ. ആർ. സെൽവരാജ്: സർ, ജൂനിയർ റെഡ് ക്രോസ് കേഡറ്റുകൾക്ക് ഗ്രേസ് മാർക്ക് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. ദുരന്ത നിവാരണത്തിലും ആതുര സേവന രംഗത്തും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളുടെ സംഘടനയാണ് ജൂനിയർ റെഡ് ക്രോസ് കേഡറ്റ്. അവർക്ക് നിലവിൽ 10 മാർക്ക് മാത്രമാണ് ഗ്രേസ് മാർക്കായി ലഭിക്കുന്നത്. എന്നാൽ സമാന സംഘടനകളായ എൻ.സി.സി. ക്ക് 49 മാർക്കും എസ്.പി.സി.-ക്ക് 25 മാർക്കും സ്കൗട്ട്സ് ആന്റ് ഗൈഡ്സ്-ന് 49 മാർക്കുമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. മേൽപ്പറഞ്ഞ മറ്റ് സംഘടനകൾക്ക് സർക്കാർ ധനസഹായത്തിനുപുറമേ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും കൂടി സഹായം ലഭ്യമായിട്ടുണ്ട്. എന്നാൽ ജൂനിയർ റെഡ് ക്രോസ് കേഡറ്റുകൾക്ക് ഇത്തരത്തിലുള്ള യാതൊരു സഹായവും ലഭ്യമായിട്ടില്ല എന്നിരിക്കെ 10 മാർക്ക് മാത്രം അനുവദിക്കുന്ന സർക്കാരിന്റെ നടപടി വിവേചനപരവും സംഘടനയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്ന തരത്തിലുള്ളതുമാണ്. ജൂനിയർ റെഡ് ക്രോസ് സംഘടനയുടെ പ്രസക്തി നന്നായി അറിയാവുന്ന അങ്ങേയ്ക്ക് ഈ പ്രശ്നത്തിന് പരിഹാരം കണ്ട് ജൂനിയർ റെഡ് ക്രോസ് കേഡറ്റുകൾക്ക് മറ്റ് സംഘടനകൾക്ക് ലഭിക്കുന്ന തോതിലുള്ള ഗ്രേസ് മാർക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും മഹത്വം സ്കൂൾ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുക, ആതുര ശുശ്രൂഷ, സന്നദ്ധ സേവനം എന്നീ മേഖലകളിൽ പ്രവർത്തിക്കാൻ വിദ്യാർത്ഥികളെ സജ്ജരാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സംസ്ഥാനത്ത് സ്കൂളുകളിൽ ജൂനിയർ റെഡ് ക്രോസ് കേഡറ്റുകൾ പ്രവർത്തിക്കുന്നത്. നിലവിൽ ജൂനിയർ റെഡ് ക്രോസ് കേഡറ്റുകൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ 10 മാർക്ക് ഗ്രേസ് മാർക്കായി നൽകിവരുന്നു. എൻ.സി.സി., സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, സ്കൗട്ട്സ് ആന്റ് ഗൈഡ്സ് എന്നിവർക്ക് നൽകുന്ന ഗ്രേസ് മാർക്കുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് വളരെ കുറവാണെന്നും ജൂനിയർ റെഡ് ക്രോസ് കേഡറ്റുകൾ എസ്.എസ്.എൽ.സി. പരീക്ഷയിൽ നൽകിവരുന്ന ഗ്രേസ് മാർക്ക് 25 മാർക്കായി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന് ലഭിച്ചിട്ടുണ്ട്. വിവിധ വിഭാഗം വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നത്, പ്രസ്തുത വിഭാഗത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് പ്രോത്സാഹനം നൽകുമെന്നനിലയ്ക്കും പാഠ്യേതര പ്രവർത്തനങ്ങൾ കാരണം പഠന സമയം നഷ്ടപ്പെടുന്നതുമൂലം വിദ്യാർത്ഥിക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് കുറയ്ക്കുന്നതിനുമാണ്. എന്നാൽ ഏതെങ്കിലും തരത്തിലുള്ള പാഠ്യേതര പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ഗ്രേസ് മാർക്ക് നൽകുക എന്നത് അടിസ്ഥാന ലക്ഷ്യമായി മാറാൻ പാടില്ല. എൻസി.സി., സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, സ്കൗട്ട് ആന്റ് ഗൈഡ്സ് എന്നിവയ്ക്ക് നിയതമായ മണിക്കൂറുകൾ പരേഡ്, പ്രത്യേക ട്രെയിനിംഗ് തുടങ്ങിയവ പൂർത്തിയാക്കേണ്ടതുണ്ട്. തൽസംബന്ധമായ ബുദ്ധിമുട്ടുകൾകൂടി കണക്കിലെടുത്ത് പഠന സമയം നഷ്ടമാകുന്നതുമൂലമുണ്ടാകുന്ന പഠന പ്രവർത്തനങ്ങളുടെ കുറവ് നികത്തുന്നതുകൂടി ഉദ്ദേശിച്ചാണ് അവർക്ക് നിലവിലുള്ള അതുയും ഗ്രേസ് മാർക്ക് നൽകുന്നത്. അതേസമയം ഗ്രേസ് മാർക്ക് നൽകുന്ന സമ്പ്രദായം ചില സമയങ്ങളിൽ ദുരുപയോഗപ്പെടുത്തുന്നതായും സർക്കാരിന് പരാതികൾ ലഭിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്ത് ജൂനിയർ റെഡ് ക്രോസ് കേഡറ്റുകൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ നൽകി വരുന്ന ഗ്രേസ് മാർക്ക് വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിന്മേൽ വിശദമായ റിപ്പോർട്ട് സർക്കാരിന് നൽകുന്നതിനായി പരീക്ഷാ ഭവൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചശേഷം സർക്കാർ ഈ ആവശ്യം പരിശോധിക്കുന്നതാണ്.

## 14. ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നത് തടയൽ

<u>ശ്രീ. പി. എ. മാധവൻ:</u> സർ, അരിമ്പൂർ പഞ്ചായത്തിലെ ഗ്രാമപഞ്ചായത്ത് ഓഫീസിനോടനുബന്ധിച്ച് സ്റ്റേറ്റ് ഹൈവേയുമായി ചേർന്നുകിടക്കുന്ന ഏകദേശം മൂന്ന് ഏക്കറോളം വരുന്ന സ്ഥലം അനധികൃതമായി മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് കയ്യേറി അവിടെ ഡ്രൈവിംഗ് ടെസ്റ്റ് നടത്താൻ കഴിഞ്ഞ ഏതാനും മാസമായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഇത് റവന്യൂ പുറമ്പോക്ക് കൂടിയാണ് എന്നതുകൊണ്ട് കഴിഞ്ഞ ജനുവരി 29-ാം തീയതി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും തുടർന്ന് ജില്ലാ കളക്ടർ അവിടെ ഒരു